Azadi Ka Amrit Mahotsav

K-DISC
Kerala Development and Innovation Strategic Council

**കേരള ഡെവലപ്പ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ**

**നമ്പർ :- No: 487/2022/KDISC/ P- 3**


ഇന്ത്യ ഹൈറ്റ്സ് ബിൽഡിംഗ്
ഗവണ്മെന്റ് വിമൻസ് കോളേജ് റോഡ്
വഴുതക്കാട്, തൈക്കാട് പി ഓ
തിരുവനന്തപുരം -695014
ഫോൺ : 0471-4117000,4117002,4117004
മെയിൽ : ms.kdisc@kdisc.kerala.gov.in
managementservices@kdisc.kerala.gov.in


**തിരുവനന്തപുരം** **തീയതി:-** 24/10/2025

## സർക്കുലർ

**വിഷയം:-**കെ-ഡിസ്ക് - 2025 ലെ മലയാള ദിനാഘോഷവും ഭരണഭാഷാവാരാഘോഷവും - ആഘോഷപരിപാടികൾ സംബന്ധിച്ച്

**സൂചന:-** ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പിന്റെ 06.08.2025 ലെ ഒ.എൽ. 4/17/2025/പി&എആർഡി നമ്പർ പരിപത്രം

സർക്കാരിന്റെ എല്ലാ വകുപ്പകളിലും ഭരണ വകുപ്പകളിലും സ്ഥാപനങ്ങളിലും നവംബർ മാസത്തിലെ ആദ്യത്തെ പ്രവർത്തി ദിവസം മലയാള ദിനാഘോഷവും നവംബർ 1 മുതൽ 7 വരെ ഭരണഭാഷാവാരാഘോഷവും വിപുലമായ രീതിയിൽ സംഘടിപ്പിക്കേണ്ടതാണെന്ന സൂചന പ്രകാരമുള്ള നിർദ്ദേശാനുസരണം ഈ സ്ഥാപനത്തിലും, ചുവടെ ചേർക്കും പ്രകാരം ആഘോഷപരിപാടികൾ സംഘടിപ്പിയ്ക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

| | |
|---|---|
| നവംബർ 1 ന് : രാവിലെ 10.30 ന് | ബഹു. എക്സിക്യൂട്ടീവ് വൈസ് ചെയർ പേഴ്സന്റെ മഹനീയ സാന്നിധ്യത്തിൽ ബഹു. മെമ്പർ സെക്രട്ടറി, കെ-ഡിസ്കിലെ എല്ലാ അംഗങ്ങൾക്കുമായി മലയാള ഭാഷാ പ്രതിജ്ഞ ചൊല്ലിക്കൊടുക്കുന്നു |
| നവംബർ 1 ന് : രാവിലെ 10.45 മുതൽ 11.45 വരെ | "ഭരണ രംഗത്ത് ശാസ്ത്ര സാങ്കേതിക പദങ്ങളുടെ ഉപയോഗവും പ്രയോഗവും" എന്ന വിഷയത്തിൽ സെന്റർ ഫോർ സോഷ്യോ - ഇക്കണോമിക് ആൻഡ് എൺവയോൺമെന്റൽ സ്റ്റഡീസ് ഫെല്ലോ **ശ്രീ. കെ. കൃഷ്ണകുമാറിന്റെ** പ്രഭാഷണം |
| നവംബർ 1 ഉച്ചയ്ക്ക് 12 മണി മുതൽ 12.30 വരെ | **ഉപന്യാസ രചന മത്സരം** (ഉപന്യാസ രചന മത്സരവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ ഉള്ളടക്കം ചെയ്യുന്നു) |
| നവംബർ 1 ന് : ഉച്ചയ്ക്ക് 12.30 മുതൽ 1 മണി വരെ | **കേട്ടെഴുത്ത് മത്സരം** |
| നവംബർ 3 ന് : രാവിലെ 11 മണി മുതൽ 12 വരെ | **കവിത പാരായണ മത്സരം** (കവിത പാരായണ മത്സരവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ ഉള്ളടക്കം ചെയ്യുന്നു) |
| നവംബർ 3 ന് : ഉച്ചയ്ക്ക് 12 മണി മുതൽ 12.30 വരെ | **മലയാളഭാഷയുമായി ബന്ധപ്പെട്ട പ്രശ്നോത്തരി മത്സരം** |
| നവംബർ 5 ന് : രാവിലെ 11.30 മുതൽ 12.30 വരെ | ഐ.എം.ജി ഡയറക്ടർ **ശ്രീ. കെ ജയകുമാർ** (റിട്ട. ഐ എ എസ്) ന്റെ 'മലയാളം-നമ്മുടെ ഭരണഭാഷ' എന്ന വിഷയത്തിൽ |

| | |
|---|---|
| 12.30 വരെ | പ്രഭാഷണവും തുടർന്ന് ഉപന്യാസ രചന, കവിത പാരായണം എന്നീ മത്സര വിജയികൾക്കുള്ള സമ്മാനദാനവും |
| കൃതജ്ഞത | **ശ്രീമതി. സ്വപ്ന.എം.** എക്സിക്യൂട്ടീവ് ഡയറക്ടർ (മാനേജ് മെന്റ് സർവീസസ്), കെഡിസ്ക് |

കൂടാതെ വാരാഘോഷവുമായി ബന്ധപ്പെട്ട് നവംബർ 1 മുതൽ 7 വരെ ഭരണ രംഗത്ത് ഉപയോഗിക്കുന്ന അഞ്ച് ഇംഗ്ലീഷ് പദങ്ങളുടെയും അവയുടെ സമാന മലയാള പദങ്ങളുടെയും പ്രദർശനവും നിശ്ചയിച്ചിട്ടുണ്ട്.

**പരിപാടികളിലുടനീളം ഈ ഓഫീസിലെ എല്ലാ ജീവനക്കാരുടെയും പങ്കാളിത്തം ഉണ്ടാകേണ്ടതാണ്.**

**സ്വപ്ന എം**
**എക്സിക്യൂട്ടീവ് ഡയറക്ടർ (മാനേജ് മെൻറ് സർവീസ്)**
**കെ ഡി സ് ക്**

**ഉത്തരവിൻപ്രകാരം**

Ammu.m.s.

സെക്ഷൻ ഓഫീസർ

സ്വീകർത്താവ്
കെ-ഡിസ്കിലെ എല്ലാ ജീവനക്കാർക്കും

**ഉപന്യാസ രചന മത്സരത്തിൽ പങ്കെടുക്കുന്നവർക്കുള്ള നിർദ്ദേശങ്ങൾ**

1. ആംഗലേയ ഭാഷാ പ്രയോഗങ്ങൾ പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്
2. ഉപന്യാസ രചന 500 വക്കിൽ (2 പേജിൽ) കവിയാതെ എഴുതുക
3. വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും

**മലയാളം കവിത പാരായണ മത്സരത്തിൽ പങ്കെടുക്കുന്നവർക്കുള്ള നിർദ്ദേശങ്ങൾ**

1. 6 മിനിട്ടിനുള്ളിൽ കവിത പാരായണം പൂർത്തിയാക്കേണ്ടതാണ്
2. കവിത പാരായണം അർഥം, ആശയം എന്നിവ ഉൾക്കൊണ്ട് ആലപിക്കേണ്ടതാണ്
3. വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും

ഉപന്യാസ രചന മത്സരം, മലയാളം കവിത പാരായണ മത്സരം എന്നിവയിൽ പങ്കെടുക്കാൻ താല്പര്യം ഉള്ളവർ 30.10.2025 ന് മുൻപായി ഡോ. വിഷ്ണ വിജയനെ
(സീനിയർ പ്രോഗ്രാം എക്സിക്യൂട്ടീവ്, കെ-ഡിസ്ക്) അറിയിക്കേണ്ടതാണ്.

കുറഞ്ഞത് 5 മത്സരാർത്ഥികൾ എങ്കിലും പേര് നൽകിയാലേ മത്സരങ്ങൾ നടത്തുകയുള്ളൂ